**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2940** **03-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന നിലമ്പൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന നടപടികളുടെ പുരോഗതിയും എന്നത്തേക്ക് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാനാകുമെന്നുള്ളതും അറിയിക്കാമോ; | (എ) | നിലമ്പൂർ സബ് ആർ.ടി ഓഫീസ് സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 20,000/- രൂപ പ്രതിമാസ വാടകയിനത്തിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ 3-ാം നിലയിൽ 304.98 സ്ക്വയർ മീറ്റർ സ്ഥലം നിലമ്പൂർ തഹസിൽദാർ അനുവദിച്ചതായി 20.10.2020-ൽ അറിയിച്ചിട്ടുണ്ട്. ലഭ്യമായ സ്ഥലത്ത് സൗകര്യങ്ങൾ ഒരുക്കി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനായി 23.11.2020-ൽ ഗതാഗത കമ്മീഷണർ അനുമതി നൽകിയിട്ടുണ്ട്. അനുവദിച്ചു കിട്ടിയ നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ 3-ാം നിലയിൽ സിവിൽ, ഇലക്ട്രിക്കൽ, ഫർണിച്ചർ, അലൂമിനിയം, ലാൻ നെറ്റ് വർക്ക് ഉൾപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധൻ ഉൾപ്പെടുന്ന വകുപ്പ്തല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് ആവശ്യമായ നിർമ്മാണപ്രവൃത്തികൾ/സാമഗ്രികൾ ഏതൊക്കെയെന്ന് വിലയിരുത്തി നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് സ്ഥല സൗകര്യം ലഭ്യമാണോ; ഇല്ലെങ്കിൽ ടെസ്റ്റുകൾ എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് നിലവിൽ ഓഫീസിനോട് ചേർന്ന സ്ഥലസൗകര്യങ്ങൾ ലഭ്യമല്ല. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചനകൾ തുടരുന്നുണ്ട്. |
| (സി) | ലേണേഴ്സ് ടെസ്റ്റിനോടനുബന്ധിച്ച് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ നിലമ്പൂർ സബ് ആർ.ടി. ഓഫീസിൽ മുൻപ് നടത്തിയിരുന്നോ; ഇപ്പോൾ ഇത്തരത്തിൽ | (സി) | നടത്തിയിരുന്നു. കോവിഡ്-19 വ്യാപനം മൂലമാണ് ക്ലാസുകൾ താൽക്കാലികമായി നിർത്തി വച്ചത്. ഡ്രൈവിംഗ് ടെസ്റ്റുകൾ തുടങ്ങിയതിനാൽ |

| | | | |
|---|---|---|---|
| | ബോധവൽക്കരണ ക്ലാസുകൾ നടക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ക്ലാസ് പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ; | | ബോധവത്കരണ ക്ലാസ്സുകൾ പുനരാരംഭിക്കുന്നതാണ്. |
| (ഡി) | റോഡ് ടെസ്റ്റുകൾ നടക്കാത്തതിനാൽ നിലമ്പൂർ സബ് ആർ.ടി. ഓഫീസിൽ പുതിയ ലൈസൻസ് എടുക്കുന്നതിനുള്ള നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | 16.07.2021-ലെ സ.ഉ(സാധാ)നം.249/2021/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം കോവിഡ് - 19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു കൊണ്ട് 19.07.2021 മുതൽ സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനും, ഡ്രൈവിംഗ് പരിശീലനം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് പുതിയ എം.വി.ഐ തസ്തിക കൂടി അനുവദിക്കുമോ? | (ഇ) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ